**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** | **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കായി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖല സമാനതകളില്ലാത്ത മുന്നേറ്റമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുന്ന ആഗോള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥാ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖല സമാനതകളില്ലാത്ത മുന്നേറ്റം നടത്തുന്നതായി **സ്റ്റാർട്ടപ്പ് ജീനോമിന്റെ** 2024 ലെ **ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട് (GSER)** വ്യക്തമാക്കുകയും കേരളത്തെ ഉയർന്ന വളർച്ചാ സാധ്യതയുള്ള സ്റ്റാർട്ടപ്പ് ഹബ്ബായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ആഗോള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് 2024 (GSER 2024) ലോകമെമ്പാടുമുള്ള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ നിലവിലെ അവസ്ഥയുടെ സമഗ്രമായ വിശകലനമാണ്. |
| (ബി) | ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻക്യുബേറ്റർ ആയി കേരള സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബിസിനസ്സ് ഇൻകുബേറ്ററുകളുടെയും ആക്സിലറേറ്ററുകളുടെയും യുബിഐ ഗ്ലോബൽ വേൾഡ് ബെഞ്ച്മാർക്ക് സ്റ്റഡി 2021-2022 പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷനെ ലോകത്തിലെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ഇൻകുബേറ്ററായി തിരഞ്ഞെടുത്തിട്ടുണ്ട്. 2019-20 ൽ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ആക്സിലറേറ്ററായും കേരള സ്റ്റാർട്ടപ്പ് മിഷനെ തെരഞ്ഞെടുത്തിരുന്നു. UBI Global, ബിസിനസ്സ് ഇൻക്യുബേറ്ററുകളും ആക്സിലറേറ്ററുകളും വിലയിരുത്തുന്ന സ്വീഡൻ ആസ്ഥാനമായ ഒരു അന്തർദേശീയ ഗവേഷണ സംഘടനയാണ്. 100-ലധികം രാജ്യങ്ങളിൽ നിന്നുള്ള 1,800-ലധികം സ്ഥാപനങ്ങൾ വിലയിരുത്തി, വളർച്ചയുടെ കാര്യത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷനെ ഏറ്റവും വേഗത്തിൽ വളരുന്ന ഇൻക്യുബേറ്ററുകളിലൊന്നായി UBI Global അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ പ്രവർത്തനഫലമായി ലോക നിലവാരത്തിലുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളുമായി ലോകശ്രദ്ധയാകർഷിക്കാൻ കേരളത്തിലെ | (സി) | സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ കേരളത്തിലെ സ്റ്റാർട്ടപ്പുകൾ ലോക നിലവാരത്തിലുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും |

| | | | |
|---|---|---|---|
| | സ്റ്റാർട്ടപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ടപ്പുകളിലൊന്നായി കേരളത്തിൽനിന്നുള്ള ജെൻ റോബോട്ടിക്സിനെ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | | വികസിപ്പിച്ച് അന്തർദേശീയ ശ്രദ്ധയും അംഗീകാരവും നേടിയിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ജെൻ റോബോട്ടിക്സ് എന്ന കേരളത്തിലെ സ്റ്റാർട്ടപ്പിനെ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം (MeitY) രാജ്യത്തെ മികച്ച മൂന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സ്റ്റാർട്ടപ്പുകളിൽ ഒന്നായി തിരഞ്ഞെടുത്തിട്ടുണ്ട്.<br><br>ഏകദേശം 10 കോടി നിക്ഷേപവും 100 തൊഴിലവസരങ്ങളും സൃഷ്ടിച്ച തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലാണ് ജെൻറോബോട്ടിക്സ് പ്രവർത്തിച്ചുവരുന്നത്. നൂതന സാങ്കേതികവിദ്യയിലൂടെ ജീവിതം മെച്ചപ്പെടുത്തുകയും പ്രത്യേകിച്ച് സാമൂഹിക വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ, റോബോട്ടിക്സും ആർട്ടിഫിഷ്യൽ ഇന്റലിജൻസും സമന്വയിപ്പിച്ച് നൂതന പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ മുൻപന്തിയിലാണ്. പ്രതികൂല സാഹചര്യങ്ങളിൽ വ്യക്തികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ഊന്നൽ നൽകുന്ന സാങ്കേതികവിദ്യകൾ സൃഷ്ടിക്കുക എന്നതാണ് അവരുടെ പ്രധാന ലക്ഷ്യം.<br><br>ബഹു.പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ 2023 ഡിസംബർ 12 മുതൽ 14 വരെ ഭാരത് മണ്ഡപത്തിൽ നടന്ന ഗ്ലോബൽ പാർട്ണർഷിപ്പ് ഓൺ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (ജി.പി.എ.ഐ) ഉച്ചകോടിയിൽ ജെൻറോബോട്ടിക്കിന്റെ ജി-ഗെയ്റ്റർ റോബോട്ടിക് ടെക്നോളജി-യ്ക്ക് 'എ.ഐ ഗെയിം ചേഞ്ചേഴ്സ്' വിഭാഗത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി. ഇന്ത്യയിലെ മികച്ച മൂന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) സ്റ്റാർട്ടപ്പുകളുടെ പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതക്കായി സാങ്കേതിക വിദ്യയുടെ നൂതനമായ ഉപയോഗത്തിന് അംഗീകാരം ലഭിച്ചു. |
| (ഡി) | സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിപുലീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സ്റ്റാർട്ടപ്പുകൾക്ക് മികച്ച രീതിയിൽ രൂപകൽപ്പന ചെയ്ത തൊഴിലിടവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും വിപുലീകരണത്തിനും സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.<br><br>സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ തൊഴിലിടങ്ങൾ ഒരുക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് ഇവിടങ്ങളിൽ സബ്സിഡി നിരക്കിൽ കോ-വർക്കിംഗ് സ്പെയിസുകളോ |

സ്വതന്ത്രമായ സ്ഥല സൗകര്യമോ ലഭ്യമാക്കുന്നു. ഇതിനുപുറമേ പങ്കാളിത്ത വ്യവസ്ഥയിലുള്ള ഇൻകുബേഷൻ സെന്ററുകളും കോളേജുകൾ കേന്ദ്രീകരിച്ചുള്ള ഇങ്കുബേഷൻ സെന്ററുകളും സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്നു. കൂടാതെ നിരവധി സാമ്പത്തിക സഹായപദ്ധതികളും സ്റ്റാർട്ടപ്പുകൾക്കായി നടപ്പിലാക്കുന്നുണ്ട്. മികച്ച ആശയം ഉത്പ്പന്നമായി മാറ്റുന്നതിനുള്ള 'ഇന്നവേഷൻ ഗ്രാന്റ്, വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള സീഡ് ഫണ്ട് ലോൺ, നൂതനാശയങ്ങൾ മുന്നോട്ട് വയ്ക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായ പദ്ധതിയായ സീഡ് ഫണ്ട് ലോൺ, ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്കുള്ള സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാന്റ് എന്നിവ ഇവയിൽ ചിലതാണ്.

ഇതിന് പുറമേ സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനുമായി ഗവൺമെന്റ് "അസ് എ മാർക്കറ്റ് പ്ലേസ്" എന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്റ്റാർട്ടപ്പുകളിൽ നിന്ന് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്ക് 50 ലക്ഷം വരെ നേരിട്ട് വാങ്ങുന്നതിനും, മൂന്നു കോടി വരെ ലിമിറ്റഡ് ടെൻഡർ വഴി സ്റ്റാർട്ടപ്പുകളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങാവുന്നതാണ്.

സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുകയും അന്താരാഷ്ട്ര തലത്തിൽ ബിസിനസ്സ്, നിക്ഷേപ അവസരങ്ങൾ നേടുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് യങ് ഓൺട്രപ്രണർഷിപ്പ് ഡവലപ്മെന്റ് (വൈ ഇ ഡി പി). ഇതിന്റെ ഭാഗമായുള്ള വിദേശ സന്ദർശനത്തിന് സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് യാത്രാ ചെലവിന്റെ 90% വരെ സാമ്പത്തിക സഹായം നൽകുന്നു.

സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിപുലീകരണത്തിനു വേണ്ടി വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ്സപ്പോർട്ട്" എന്ന പദ്ധതി KSIDC നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 50 ലക്ഷം രൂപ വരെ ഈടില്ലാതെയും, 100 ലക്ഷം രൂപ വരെ ഈടോടു

| | | | |
|---|---|---|---|
| | | | കൂടിയും നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് വായ്പ നൽകി വരുന്നു. കൂടാതെ KSIDC സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്, സംസ്ഥാന സർക്കാരിനു വേണ്ടി KSIDC, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സ്റ്റെയിൽ അപ്പ് കോൺക്ലേവുകൾ വിജയകരമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ